# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :5929 — 04.11.2016 ൽ മറുപടിക്ക്

## ദേശീയ വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>" സി.കെ.നാണു<br>" കോവൂർ കുഞ്ഞുമോൻ<br>"തോമസ് ചാണ്ടി | പ്രൊഫ:സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ; | എ) ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലയിൽ നിന്നുള്ള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം വിദഗ്ധ സമിതിയെ കൊണ്ട് പരിശോധന നടത്തുകയും ആവശ്യമായ ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയം കേരള വിദ്യാഭ്യാസ രംഗത്തെ ഏപ്രകാരം ബാധിക്കുമെന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നതാണ് |
| ബി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | ബി) സൗജന്യവും സംയോജിതവുമായ വിദ്യാഭ്യാസം നൽകുന്നതിനായി സൗജന്യപാഠപുസ്തകം, യൂണിഫോം എന്നിവ നൽകി വരുന്നു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അവകാശനിയമ പ്രകാരം മാറിയിട്ടുണ്ട്. കലാകായിക പ്രവൃത്തി പരിചയത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ലാബ്, ലൈബ്രറി സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ട്. എസ്.എം.സി, ക്ലാസ് പി.ടി എന്നിവ അവകാശ നിയമത്തിന്റെ നിർദ്ദേശാനുസരണം യാഥാർത്ഥ്യമായിട്ടുണ്ട്. പഠന മണിക്കൂറുകൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.അക്കാദമിക മോണിറ്ററിംഗിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ച |

വരുന്നു. കുട്ടികൾക്ക് ഭയരഹിതമായി പഠിക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കി. ശിശു സൗഹൃദ സമീപനം സ്വീകരിച്ചു. ഗുണനിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

സി) അടുത്ത സാമ്പത്തിക വർഷം മുതൽഎന്തൊക്കെ പദ്ധതികളാണ് ഈ നിയമത്തിൻ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സി) എസ്.എസ്.എ.യുടെ അടുത്ത വർഷത്തെ പദ്ധതി രൂപീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള പരിപാടികൾ ഉൾപ്പെടുത്തുന്നതാണ്

ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ സെസ്സ് പ്രകാരം വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി എത്ര രൂപയാണ് ഈ വർഷം ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

ഇ) ഇതിന്റെ വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഡി) & ഇ) വിവരം ശേഖരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ